## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4805 — 27/6/2014 ൽ മറുപടിയ്ക്ക്

### പേരാമ്പ്ര മേഖലയിലെ നേന്ത്രവാഴയ്ക്കുള്ള പ്രത്യേകതരം രോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) പേരാമ്പ്ര മേഖലയിൽ നേന്ത്ര വാഴയ്ക്ക് പ്രത്യേകതരം രോഗം ബാധിച്ചതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പേരാമ്പ്ര മേഖലയിൽ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ അനുഭവപ്പെട്ട അത്യുഷ്ണം മൂലം ചില പ്രദേശങ്ങളിൽ നിന്നുള്ള വാഴക്കുലകൾ കച്ചവടക്കാർക്ക് എല്ലാ ഭാഗവും സാധാരണ രീതിയിൽ പഴുത്ത് കിട്ടാതെ വന്ന സാഹചര്യത്തിലാണ് കർഷകർ പരിഭ്രാന്തരായത്. ഈ പ്രതിഭാസം മാധ്യമങ്ങൾ വഴി പ്രചരിച്ചപ്പോൾ രോഗാവസ്ഥയാണെന്ന് തെറ്റിദ്ധരിക്കപ്പെട്ടു. എന്നാൽ മഴ ലഭിച്ചു തുടങ്ങിയതോടെ ഈ അവസ്ഥ തീരെ കാണുന്നില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) ഇക്കാര്യത്തെക്കുറിച്ച് പഠനം നടത്തി അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) ഇപ്പോൾ ഈ അവസ്ഥ തുടർന്ന് കാണാത്തത് കൊണ്ട് ഇക്കാര്യത്തിൽ കൂടുതൽ പഠനം തല്ക്കാലം ആവശ്യമില്ലാത്തതാകുന്നു. |

സെക്ഷൻ ഓഫീസർ